# കൃഷി വകുപ്പിന്റെ ആദ്യ ഹൈപ്പർ ബസാർ തൃശൂരിൽ

● 'കേരളശ്രീ' ഉദ്ഘാടനം 16ന് മുഖ്യമന്ത്രി നിർവഹിക്കും

Madhyamam 11.12.17

സ്വന്തം ലേഖകൻ

**തൃശൂർ:** വിവിധ കാർഷിക ഉൽപന്നങ്ങൾക്കും ഉപകരണങ്ങൾക്കും വിപണിയൊരുക്കാൻ കൃഷിവകുപ്പ് ആരംഭിക്കുന്ന ആദ്യത്തെ 'കേരളശ്രീ' അഗ്രോ ഹൈപ്പർ ബസാർ 16-ന് 10ന് തൃശൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ അറിയിച്ചു.

ഒന്നരവർഷത്തിനുള്ളിൽ കോഴിക്കോടും തിരുവനന്തപുരത്തും ഇത്തരം സംരംഭങ്ങൾ തുടങ്ങും. കർഷകർക്ക് ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരികയാണ് ആഗ്രോ ബസാറിന്റെ ലക്ഷ്യം. കാർഷികോപകരണങ്ങളും വിത്തുകളും കർഷകരുടെ സംശയ നിവാരണത്തിനുള്ള വിദഗ്ധരുടെ സേവനവും ഇവിടെ ലഭിക്കും.

സർക്കാർ ഏജൻസികൾ ഉൽപാദിപ്പിക്കുന്ന കാർഷിക മൂല്യവർധിത ഉൽപന്നങ്ങളും ഇവിടെയുണ്ടാകും. മിൽമ, മത്സ്യഫെഡ്, കാർഷിക സർവകലാശാല, വനശ്രീ, കുടുംബശ്രീ, ഔഷധി തുടങ്ങിയവയുടെ ഉൽപന്നങ്ങളും തമിഴ്നാട്, ഹിമാചൽപ്രദേശ്, കശ്മീർ തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള വിവിധ ഉൽപന്നങ്ങളും ബസാറിൽ ലഭ്യമാക്കും.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനാണ് നടത്തിപ്പ് ചുമതല. ചെമ്പൂക്കാവിലെ കൃഷി സമുച്ചയത്തിൽ രണ്ട് നിലകളിൽ പതിനായിരം ചതുരശ്രഅടി സ്ഥലത്താണ് മാർക്കറ്റ് പ്രവർത്തിക്കുക. മന്ത്രിമാരായ സി. രവീന്ദ്രനാഥ്, എ.സി. മൊയ്തീൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. കെയ്കോ മാനേജിങ് ഡയറക്ടർ പി. സുരേഷ് ബാബു, കൗൺസിലർ സതീഷ്ചന്ദ്രൻ എന്നിവർ വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.